# മയിൽപ്പീലി

## ഡിജിറ്റൽ മാഗസിൻ



ലിറ്റിൽ കൈറ്റ്സ് സംരംഭം

സെന്റ് പോൾസ് എച്ച് എസ്

നരിയാപുരം

# സെന്റ് പോൾസ് ഹൈസ്കൂൾ, നരിയാപുരം





# ഉള്ളടക്കം

| | |
|---|---|
| സന്ദേശം | 5-6 |
| എഡിറ്റോറിയൽ | 7 |
| Message of the Manager | 8 |
| Message | 9 |
| Habit to Study | 11 |
| Nature | 12 |
| The Elephant | 13 |
| Always Right Behind Me | 15 |
| Just Say No to Drugs | 16 |
| A Wonderful Mother | 18 |
| The Person I Admire the Most | 19 |
| Mirror | 22 |
| വായനയുടെ വളർത്തച്ഛൻ | 24 |

| | |
|---|---|
| പത്തനംതിട്ട ജില്ലയുടെ ചരിത്രം | 25 |
| ഈയാംപാറ്റകൾ | 27 |
| ലോകം കണ്ടറിഞ്ഞ ആറന്മുളക്കണ്ണാടി | 28 |
| ശലഭങ്ങൾ | 29 |
| ഏപ്രിൽ ഫൂൾ | 30 |
| മഴനിറം | 33 |
| അമ്മയെന്ന ലോകം... | 34 |
| കാർട്ടൂൺ | 36 |
| ഭൂമിയുടെ സ്വപ്നങ്ങൾ | 37 |
| Fun with Numbers | 39 |
| Naughty One | 40 |
| Wonderful Products | 41 |
| Click Time | 42-47 |

# സന്ദേശം



കേരളം വിദ്യാഭ്യാസ രംഗത്ത് ഏറെ പുരോഗതി പ്രാപിക്കുന്ന സംസ്ഥാനമാണ്. ഡിജിറ്റിൽ വായനയുടെ പുതിയ ലോകത്തേക്ക് നമ്മുടെ വിദ്യാർത്ഥി സമൂഹത്തേയും എത്തിക്കുന്നതിനായി നടക്കുന്ന പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. വിദ്യാർത്ഥികൾക്കും ഇത്തരം ഒരു പുതിയ എഴുത്തിടം നവ്യാനുഭവമായി തീരും എന്നതിൽ സംശയമില്ല.

നരിയാപുരം സെന്റ് പോൾസ് എച്ച്. എസ്.എസിലെ ലിറ്റിൽ കൈറ്റ്സിൻ്റെ നേതൃത്വത്തിൽ ഉണർവ് എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റിൽ മാഗസിന് എല്ലാവിധ ആശംസകളും അറിയ്ക്കുന്നു.

സി. രവീന്ദ്രനാഥ്

വിദ്യാഭ്യാസ മന്ത്രി

# സന്ദേശം



*സാങ്കേതികവിദ്യയുടെ പുതിയ കാലത്ത് കൊച്ചുകൂട്ടുകാരുടെ വലിയ ശ്രമഫലമായാണ് ഇത്തരമൊരു മാഗസിൻ പ്രസിദ്ധപ്പെടുത്തുന്നത്. ഡിജിറ്റിൽ വായനയുടേതു മാത്രമായ ഒരു കാലഘട്ടത്തിലേക്കാണ് നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ കുട്ടികളുടേതു മാത്രമായ ഡിജിറ്റിൽ മാഗസിനുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്.*

*സർഗാത്മക മികവിനൊപ്പം സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.*

*ബിജു ജോൺ*

*(പ്രധാനാധ്യാപകൻ)*

# എഡിറ്റോറിയൽ

*ദൈവത്തിൻറെ സ്വന്തം നാട്...*

*പച്ചപ്പിൻറെ കൈയ്യൊപ്പ് ചാർത്തിയ പ്രകൃതി...*

*വൈവിധ്യം നിറഞ്ഞ ഭാഷ*

*നമ്മുടേതു മാത്രമായ സംസ്കാരം.*

*ഈ ഡിജിറ്റിൽ മാഗസിനായി ഞങ്ങൾക്കൊപ്പം ചേർന്നു നിന്ന പ്രധാനാധ്യാപകൻ  ബിജു ജോൺ സാറിനും ലിറ്റിൽ കൈറ്റ്സ് ചുമതല വഹിക്കുന്ന കന്നി  ടീച്ചർ, ബിന ടീച്ചർ എന്നിവർക്കും ഞങ്ങളുടെ നന്ദി.*

അനന്തു പ്രസാദ്

*(എഡിറ്റർ)*

# MESSAGE OF THE MANAGER



*Another year of joy and pride as it is the second release of our school magazine.*

*Education delivers us from ignorance and takes us to a perpetual learning. Enthusiasm is the secret word that transforms hardwork into enjoyable efforts. It produces courage and confidence to move forwards in the face of great difficulties.*

*Also I express my sincere thanks to LITTLE KITES TEAM for their literary contribution to this magazine. I must congratulate the members for their hardwork and sheer determination in bringing out this magazine.*

*Best wishes team little kites!*

# MESSAGE



*Dear friends, I strongly believe that, there can be no better way to drive and improve our nation's prosperity and social economic well-being than through its education system. You should always have your education laced with morality and ethics. This task has to be taken over by the academicians to provide value and ethic based education. You should all remember that, "honesty is the first chapter in the book of wisdom" and we should inculcate honesty and integrity in all what we do.*

*My Best Wishes to the "LITTLE KITES" team for their wonderful efforts!*

*Rini T. Mathew*

*Management Representative*


Fun in English

# HABIT TO STUDY

- Praveen (IX. A)

Study, study, study,

Book is ready.

If you don't study,

Stick is ready.

Study, study, study,

Don't fail to study.

If you fail to study,

Then you'll worry?

Cultivate the habit of studying,

If you study you'll be ready.

If you've study,

Then your future will be steady!



# NATURE

- Aromal (IX. B)

How much you have to offer!

O! My Mother Nature,

Soothing all those who suffer,

O! Abode of all creatures.



Your gentle touch is felt

When fresh gust rushes

Or a sweet flower is smelt,

Blooming under thick bushes.

You kindle our spirits ever,

All your aspects teach a lesson

With a style very sober!

And the familiar old fashion.

# THE ELEPHANT

- Aswini Shaji (IX. B)



Once upon a time, in a village far away, there lived six blind men.

One day the villagers were very excited, and when they asked what was happening they told them, "Hey, there is an elephant in the village today!"

They had no idea what an elephant was, and so they decided, "Even though we will not be able to see it, we can feel it. Let's go." So, they all went to where the elephant was, and each of them touched it:

"Hey, the elephant is a pillar," said the first man, touching its leg.

"Oh, no! it is like a rope," said the second man, who was touching the tail.

"Oh, no! it is like the branch of a tree," said the third man, touching the tusk of the elephant.

"It is like a big hand fan" said the fourth man, who was touching its ear.

"It is like a huge wall," said the fifth man, touching the side of the elephant.

**"It is like a pipe," said the sixth man, touching the trunk of the elephant.**

**They began to argue about what the elephant was like, and each of them insisted that he was right.**

**They were getting angry, and fists were about to fly, when a wise man, who had come to see the elephant asked what the matter was.**

**They replied, "We cannot agree what this elephant looks like," and each of them told the wise man what he thought the elephant was like.**

**The wise man smiled and calmly explained to them, "You are all correct. The reason that each of you experienced it differently is because you touched a different part of the elephant. Actually the elephant has all these features: Its legs are like pillars, its tail is like a rope, its tusks are like the branches of a tree, its ears are like a fan, and it has a trunk, that is just is like a pipe.**

**"Oh!" the blind men said, and there was no more fighting. They felt happy that they had all been right.**

**The moral of this story is that even if you don't agree with someone, there may be some truth to what they say. Sometimes we can see that truth and sometimes we can't, because they have a different perspective to us, but rather than arguing like the blind men, we should realise that they have their own experiences that make them think this way. If we can accept this, we are much less likely to get into violent argument.**

# ALWAYS RIGHT BEHIND ME

- Anjali A. Nair (IX. A)



When I feel as if I am lost
Without an end in sight
I looked and there are you
One step behind

When I feel as though the world
Is bigger than my dreams
I look and there you are,
Right behind me.

When my biggest fear is failure
And I see no way to win
I look and there you are
Right behind me, my friend.

# JUST SAY NO TO DRUGS

- Reshma Rajan (HST English)

Drug addiction is the worst social evil of modern civilization. It is spreading like cancer. The misguided and frustrated adults are the prey of this habit. Drug addiction is a part of western culture. It is thought is a thing of fashion and modernization. The worst aspect of this social evil is – if you start taking drug in fun or fashion, it becomes so habitual that it cannot be left easily. It is an invitation to death. This evil is reaching and spreading in Asian and African countries. Drug addiction is self- destruction. This may take sometimes as we see in case of cancer, but it is a sure stepping towards death.



Drugs have been used for medical purposes since ages. Never before this modern period. There was no misuse of drugs. Man is greedy by nature. To earn more in short period some anti social adulterated drugs cause deaths those who are busy in anti- human activity for their selfish motives, should be punished. There should be no encouragement from government department to anti- social elements. The public should also co- operation to make anti- social elements suffer.

**Drug abuse is fast becoming very common among students. Thousands of school and college going young men have become drug- addicts. This evil is more rampant in big cities. Villagers and the town people are still free form this abuse. Urban life is slowly becoming a mechanical life. it has become highly competitive and risky. Tension and cut-throat competition put an unbearable pressure on young men and women. Life becomes tiring and burdensome. Students tend to become escapists. As an escape from the drudgery of life, they take to drugs. In the beginning they turn to drugs just for fun and thrill. Then they get addicted to this abuse. They are compelled to even steal to buy drugs. They become physically and mentally wrecks. They invite their own doom.**

**Drug abuse has become a great social and cultural problem. It has been polluting the minds and morals of our young men. The menace of drugs can't be tackled by the authorities alone. There should be a comprehensive and all-out – war to root out this evil from the students. Rehabilitation should be opened to treat the addicts. However, the root of this evil lies in the disorder an degeneration of our social and family life. peaceful and purposeful social and family life will fill our youth with hope and faith in themselves. They will not be tempted or lured by the vicious addiction of drugs.**

**The abuse of drugs has now become an international problem. Recent studies show that 88% of heroin addicts in India are in the age group of 14-25 years. In fact at present drug abuse has become a craze among school and college students. drug habit is considered a fashion or a symbol of modernity at the beginning. But after some time it becomes a habit, making body weak and a prey of different diseases. Children having no sweet life, lack of healthy education, heavy burden of books; sex and violence seen through T. V. and**

**cinema programmes; loss of moral values, uncertainty of future life prepare a youth to be a prey of this had habit. Drug affects a person physically, mentally, and spiritually leading to a wreck life. he lives only for these deadly drugs.**

**Drugs addiction must be fought on war footing. Concerning departments and public should be alert to remove this social evil. A great publicity should be made regarding this social evil. A large number of banners, posters and placards should be displayed. Evils of drug should be highlighted through the media- radio, television and press. The parents should be more careful about their wards specially in tender young age. The drug addicts should be kept under special care and treatment. Doubtful anti- social worker should be checked with regular attention and should be punished seriously if found guilty.**

# A WONDERFUL MOTHER

- Keerthika (IX. B)

**God made a wonderful mother,**

**A Mother who never grows old.**

**He made her smile of the sunshine,**

**And He moulded her heart of pure gold.**



**In her eyes He placed bright shining stars,**

**On her cheeks, fair roses you see.**

**God made that wonderful mother,**

**And He gave that dear mother to me.**

# THE PERSONALITY I ADMIRE

## Dr. A.P.J. ABDUL KALAM

- Mariam Mercy Rajan (IX. B)



Dr. APJ Abdul Kalam has been a great motivation for me and his entire life journey has played a very significant role in transforming my life in a positive way.

We all know that Dr. Kalam was an Indian scientist and a benevolent politician who served India as the President from the year 2002 to 2007. His full name was Avul Pakir Jainulabdeen Abdul Kalam. Born on October 15, 1931, into a Muslim family, Dr. Kalam was a sharp student and an obedient child who helped his family in earning the livelihood. He was born in Dhanushkodi located on the southeastern coast of India. As a child, Dr. Kalam developed a great fascination with air travel by watching birds. This hobby of Kalam later developed into a mission to join aeronautics; the mission got

**stronger after he saw an article in the newspaper about a British fighter plane.**

**His father's profession was to build and rent boats. Kalam was a very bright and hardworking student. He distributed newspapers in his locality to support his father. But he always had great interest towards studies; he was a very promising student and showed enormous likings towards science and mathematics. Dr. Kalam went to St. Joseph's College after passing from school and attended Madras Institute of Technology to earn his degree in aeronautical engineering.**

**He was always a promising student and grasped as much knowledge as possible in his school and college. Dr. Kalam joined the defence department of India after completing his graduation. He was one of the prominent figures in developing India's nuclear capabilities. He earned several accolades and respect for his contributions. Considered as the national hero for various successful tests in 1998, Kalam was given the title of 'Missile Man'.**

**Dr. Kalam was also a key figure in the Pokhran-II tests launched in May 1998. A total of 5 nuclear devices were exploded in the deserts of Rajasthan in the Pokhran-II test.**

**Though Politics never enticed Dr. Kalam, in the year 2002, the then ruling party of India National Democratic Alliance requested him to nominate himself for the President's post. With the support of NDA, Dr. Kalam won the election and became the 11th President of India. As a President too, Dr. Kalam lived a very simple life and motivated young students to live a successful life and serve the nation. Regarded as the President of the people, Dr. Kalam conducted over 500,000 one-to-one meetings with young students**

**and people across the nation during his five-year Presidential term. This immense popularity of Dr. Kalam earned him the award of 'Youth Icon' for the year 2003 and 2006 hosted by MTV.**

**Dr. Kalam served India as the president for 1 term and died due to cardiac arrest on July 27, 2015. He was a visiting professor and motivational guru at several universities. He has been a legend and every person respects this great personality for his achievements, contributions and his simplicity. I appeal to every student to follow the path of Dr. Kalam and live an honorable life throughout.**

# MIRROR…

- Adithya (IX. A)

"Mirror Oh Mirror…"

The little girl recollected,

The lines from 'Snow White.'

"Mirror Oh Mirror… Tell me,

Who is the most beautiful in this world?"

The mirror in front of her

Could reflect no one but her.



The little girl jumped up high,

In joy she laughed out loud.

Mother came in and hugged her.

"Dear Oh Dear,

You are the most beautiful, believe it,

You are the prettiest when you are yourself.

Believe in yourself, you are the best!"


ശ്രേഷ്ഠഭാഷ
മലയാളം

# വായനയുടെ വളർത്തച്ഛൻ

വൈഷ്ണവി ബിജു



വായനയുടെ പ്രകാശം മലയാളിക്ക് പകർന്ന മഹത് വ്യക്തിയാണ് പി. എൻ. പണിക്കർ. വായനയുടെ വളർത്തച്ഛൻ എന്നറിയപ്പെടുന്ന പി. എൻ. പണിക്കരുടെ ചരമദിനമായ ജൂൺ 19 ആണ് വായനാദിനമായി ആചരിക്കുന്നത്. കേരളത്തിൽ സാക്ഷരതാപ്രവർത്തനത്തിനും ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും അടിത്തറ പാകിയത് പി. എൻ. പണിക്കറാണ്. വായിച്ചു വളരുക എന്ന മുദ്രാവാക്യവുമായി പ്രവർത്തിച്ച അദ്ദേഹം കേരള ഗ്രന്ഥശാലാ സംഘം, കാൻഫെഡ്, (കേരള അസോസിയേഷൻ ഫോർ നോൺ ഫോർമൽ എജ്യൂക്കേഷൻ ആൻഡ് ഡെവലപ്പ്മെന്റ് ) എന്നിവയ്ക്ക് നേതൃത്വം നൽകി.

പുതുവായിൽ നാരായണപണിക്കർ എന്നാണ് പൂർണനാമം.

# പത്തനംതിട്ട ജില്ലയുടെ ചരിത്രം

മീനു പ്രകാശ്



ജനസംഖ്യയിലും വിസ്തൃതിയിലും റവന്യൂ വരുമാനത്തിലും ഏറെ മുന്നിൽ നിന്ന കൊല്ലം ജില്ലയുടെ ഭാഗമായിരുന്നു ഒരിക്കൽ നമ്മുടെ പത്തനംതിട്ടയും. 1979ൽ അന്നത്തെ പത്തനംതിട്ട ബാർ അസോസിയേഷൻ പ്രവർത്തകരാണ് ആദ്യമായി ജില്ലാ രൂപീകരണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചത്. പത്തനംതിട്ടയിൽ അഡീഷണൽ ജില്ലാ സെഷൻസ് കോടതി സ്ഥാപിക്കുവാൻ ശ്രമിച്ചപ്പോൾ റവന്യൂ ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ മാത്രമേ അത്തരം കോടതികൾ അനുവദിക്കു എന്ന ഹൈക്കോടതി തീരുമാനത്തെ തുടർന്നായിരുന്നു ഈ നീക്കം. ഇതേ തുടർന്ന് അന്നത്തെ എംഎൽഎ ഡോ. ജോർജ് മാത്യു ജില്ലാ രൂപീകരണം എന്ന ആവശ്യം നിയമസഭയിൽ ഉന്നയിച്ചു. 1980ൽ പത്തനംതിട്ട ബാർ അസോസിയേഷൻറെ നേതൃത്വത്തിൽ പുതിയ ജില്ലയ്ക്കായി വീണ്ടും ഗവൺമെന്റിനെ സമീപിച്ചു. അന്നത്തെ ജനപ്രതിനിധികൾ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവരും ഈ ആവശ്യവുമായി രംഗത്തെത്തി. ഇതോടെ ജില്ലാ രൂപവത്ക്കരണ സമിതിയും രൂപീകരിച്ചു.

ഇതിനിടയിൽ നടന്ന രാഷ്ട്രീയസംഭവ വികാസങ്ങൾ നായനാർ മന്ത്രിസഭയുടെ പതനത്തിന് കാരണമായി. ആ നിയമസഭയിലെ സ്വതന്ത്രനായിരുന്ന പത്തനംതിട്ട എംഎൽഎ കെ. കെ. നായർ ഇതോടെ നിർണായക ഘടകമായി. മന്ത്രി സ്ഥാനം ഉൾപ്പെടെ വാഗ്ദാനം ചെയ്തിട്ടും പദവികളൊന്നും വേണ്ട, ജില്ല മതി എന്ന തീരുമാനത്തിൽ കെ. കെ. നായർ ഉറച്ചു നിന്നു. അങ്ങനെ കെ. കരുണാകരൻ മന്ത്രിസഭ ജില്ലാ രൂപീകരണം എന്ന തീരുമാനത്തിന് അംഗീകാരം നൽകി. എന്നാൽ ഈ മന്ത്രിസഭയും തകർന്നതോടെ ജില്ലാ രൂപീകരണം പിന്നെയും നീണ്ടു. 1982ൽ വീണ്ടും കെ. കരുണാകരൻ മന്ത്രിസഭ അധികാരത്തിൽ വന്നതോടെ ജില്ലാ രൂപീകരണത്തിന് വഴി തെളിഞ്ഞു. 1982 നവംബർ ഒന്നിന് പത്തനംതിട്ട ജില്ലാ എന്ന പ്രഖ്യാപനവും നടന്നു.

# ഈയാംപാറ്റകൾ

ആദിത്യൻ

മഴ പെയ്തെന്ന്
മുറ്റത്ത് കൊഴിഞ്ഞു കിടന്ന
ഈയാംപാറ്റച്ചിറകുകൾ.

വെയിൽ വരുമെന്ന്
അപ്പുപ്പൻ നോക്കിയ
ഈയാംപാറ്റച്ചിറകുകൾ.

ജീവിതം ഇതാണെന്ന്
കുഴിയിൽ നിന്നുയർന്ന
ഈയാംപാറ്റക്കുഞ്ഞുങ്ങൾ!

# ലോകം കണ്ടറിഞ്ഞ ആറന്മുളക്കണ്ണാടി

ബീന കുര്യൻ (അദ്ധ്യാപിക)



ആറന്മുളയെ ലോകം കാണുന്നത് ആറന്മുളക്കണ്ണാടിയിലൂടെയാണ്. ലോകത്തിൻറെയാകെ ശ്രദ്ധ പിടിച്ചുപറ്റിയതും ഭൗമസൂചിക അംഗീകാരം ലഭിച്ചതുമായ ഉൽപന്നമാണ് ആറന്മുളക്കണ്ണാടി. ചെമ്പും വെളുത്തീയവും ഒരു പ്രത്യേക അനുപാതത്തിൽ ചേർത്ത് ഉണ്ടാക്കുന്ന കൂട്ടുലോഹമാണു കണ്ണാടിയുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. സാധാരണ കണ്ണാടികളിൽ പ്രതിബിംബം ഗ്ലാസിനു പിറകിലെ രസപാളിയിലാണു രൂപപ്പെടുന്നത്. അതിനാൽ പ്രതിബിംബത്തിനു വ്യതിയാനം സംഭവിക്കുന്നു. ആറന്മുള കണ്ണാടിയുടെ പ്രതലത്തിലാണു പ്രതിബിംബം രൂപപ്പെടുക. ഇത് യഥാർഥ വസ്തുവിൻറെ രൂപത്തോടു പൂർണമായ സാമ്യം പുലർത്തും. ആറന്മുള കണ്ണാടി നിർമാണത്തിലെ രഹസ്യക്കൂട്ട് ഇവിടെയുള്ള ചില കുടുംബങ്ങൾക്കു മാത്രമാണ് ഇന്നും അറിയുന്നത്.

# ശലഭങ്ങൾ

അഭിനന്ദ് എ . നായർ

പൂന്തോട്ടത്തിൽ ശലഭങ്ങളോ
പറന്നു പറന്നു നടക്കുന്നു
തേനീച്ചകൾ പറന്നുകൊണ്ട്
തെറ്റിപ്പൂവിലിരിക്കുന്നു
തെറ്റിപ്പൂവ് പറിക്കാൻ വേണ്ടി
അപ്പുക്കുട്ടനതോടുന്നു
അപ്പുക്കുട്ടൻ പൂന്തോട്ടത്തിൽ
ശലഭങ്ങളെ കാണുന്നു
"നീ എന്റെ വീട്ടിൽ വരുമോ?"
അപ്പുക്കുട്ടൻ ചോദിച്ചു
"വരികില്ലായെന്നപ്പുക്കുട്ടാ,
വിഷമിക്കുമിന്നെന്നമ്മ,
പോകു നീയും നിൻ വീട്ടിൽ
നിന്റെയമ്മ വിഷമിക്കും!"



# ഏപ്രിൽ ഫൂൾ

ഐവിൻ ബിജു ജോൺ

അഞ്ജലി നീയിതുകൂടി കഴിച്ചിട്ടു പോ... പാത്രത്തിലെ അവസാനത്തെ ഇഡലിയേയും ഞെരിടി നോവിച്ച് അമ്മ വാതിക്കൽ നിന്നു.

'ഇനി വരുമ്പോഴാകട്ടെ...!' ബാഗും തോളിലിട്ടു തിരിഞ്ഞു നോക്കാതെ അച്ഛനു പിന്നാലെ ഓടിക്കൊണ്ട് അഞ്ജലി വിളിച്ചു പറഞ്ഞു.

'മൂപ്പിലാന്നേ ഒന്ന് പയ്യെ നട! ട്രെയിൻ അര മണിക്കൂർ ലേറ്റ് ആണെന്ന്!' ടോർച്ചുമായി മുൻപിൽ വേഗത്തിൽ നടക്കുന്ന അച്ഛനോടായി അവൾ ഉച്ചത്തിൽ പറഞ്ഞു.

എറണാകുളത്താണ് അഞ്ജലി പഠിക്കുന്നത്. രണ്ടാഴ്ച കൂടുമ്പോഴുള്ള ഭവന സന്ദർശനം കഴിഞ്ഞു മടങ്ങുന്ന വഴിയാണ്. ഏഴരക്കുള്ള വേണാട് പിടിക്കാനാണ് അച്ഛൻ അഞ്ചരക്കേ ഈ ഓട്ടം ഓടുന്നത്. ട്രെയിൻ വേണെങ്കിൽ വൈകി വന്നോട്ടെ, എന്നാലും നമ്മൾ വൈകാൻ പാടില്ല എന്നതാണ് മൂപ്പരുടെ തത്വം.

അണച്ച് ഓടി അച്ഛനൊപ്പം എത്തി ആ മുഖത്തേക്ക് നോക്കുമ്പോൾ ഒരു ഭാവവ്യത്യാസവും ഇല്ലാതെ അച്ഛൻ പറഞ്ഞു 'ട്രെയിൻ കേറീട്ട് അമ്മേ വിളിക്കാൻ മറക്കണ്ട...'

'ഓക്കെ ബോസ്...' അതെ ഗൗരവത്തിൽ അഞ്ജലിയുടെ മറുപടി. അച്ഛനോട് തറുതല പറയാനുള്ള അവകാശം അഞ്ജലിക്ക് മാത്രമുള്ളതാണ്.

അമ്പലത്തിനു മുൻപിൽ വെച്ച് പല്ലില്ലാത്ത മോണ കാട്ടി ചിരിച്ചുകൊണ്ട് അമ്മിണിയമ്മ ചോദിച്ചു 'ആഹാ കാന്താരി തിരിച്ചു പോവ്വായോ? ഇനിയെന്നാണ് വരവ്?'

'വ്വോ... കാന്താരി ഇനീം ഇടയ്ക്കിടെ വരും വല്യമ്മേ...' അമ്മിണിയമ്മയെ അനുകരിച്ചു കൊണ്ട് അഞ്ജലി മറുപടി പറഞ്ഞു. 'അമ്മിണിയമ്മ അറിഞ്ഞോ? വടക്കേടത്തെ മുറ്റത്ത് ഒരു പുലി ചത്ത് കിടക്കുന്നൂന്ന്, അവിടുത്തെ ആട് കടിച്ചു കൊന്നതാന്നാ കേട്ടെ!'

'ഏഹ്... ആട് പുലിയെ കടിച്ചു കൊന്നൂന്നോ? കലികാലം! പോയ് നോക്കണല്ലോ, ചത്തതാണേലും പുലിയെ കാണാലോ...!' കൂനിക്കൂനി അമ്മിണിയമ്മ വടക്കേടത്തേക്കു നടന്നു.

അന്തം വിട്ടു നിക്കുന്ന അച്ഛനെ നോക്കി അഞ്ജലി കണ്ണിറുക്കി. 'ഏപ്രിൽ ഒന്നൊക്കെ അല്ലേ... വല്യമ്മ നടന്നേച്ചു വരട്ടെ!'

ചെറിയൊരു പുഞ്ചിരി അച്ഛന്റെ മുഖത്തും വിടർന്നു, ഒപ്പം നടപ്പിന് വേഗത കൂട്ടി.

സ്റ്റോപ്പിൽ ബസ് വന്നു നിന്നതും അഞ്ജലി ബസിൽ ചാടിക്കയറിയതും ഒന്നിച്ചായിരുന്നു.

'റ്റാറ്റാ മൂപ്പിലാന്നെ..' എന്നുറക്കെ വിളിച്ചു പറയുമ്പോ ഫോൺ വിളിക്കണം എന്ന് കൈ കൊണ്ട് ആംഗ്യം കാണിച്ച് അച്ഛനും യാത്ര പറഞ്ഞു.

സ്റ്റേഷനിൽ ട്രെയിൻ കാത്തിരിക്കെ അഞ്ജലിയുടെ കണ്ണുകൾ ഫോണിന്റെ കോണ്ടാക്ട് ലിസ്റ്റിൽ പരതിക്കൊണ്ടിരുന്നു. ആരെ എങ്ങനെ ഏപ്രിൽ ഫൂളാക്കാം എന്നായിരുന്നു ചിന്ത മുഴുവൻ.

ട്രെയിനിന്റെ ചൂളം വിളി അഞ്ജലിയുടെ ചിന്തകളെ മുറിച്ചു .

തള്ളിക്കയറി സീറ്റ് പിടിക്കുമ്പോൾ ഹിമാലയം കീഴടക്കിയ സംതൃപ്തി. കയ്യിലിരുന്ന ലഗേജ് സീറ്റിനടിയിലേക്ക് ധൃതിയിൽ തള്ളിക്കയറ്റി നൂരുമ്പോൾ എതിർവശത്ത് സീറ്റിലിരുന്ന അമ്മയിലും മകളിലും

അഞ്ജലിയുടെ കണ്ണുകൾ പെട്ടെന്നുടക്കി. വെളുപ്പിനെ ഉണർന്നതിന്റെ ക്ഷീണം കൺപോളകളെ തളർത്തിയത് കാരണം അഞ്ജലി ഉറക്കത്തിലേക്ക് വഴുതി വീണു. ഇടക്കെപ്പഴോ കണ്ണ് തുറക്കുമ്പോൾ ആ അമ്മയും മകളും ഇറങ്ങുന്നത് കണ്ട് കണ്ണുകൾ വീണ്ടും അടഞ്ഞു.

ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർന്നു കണ്ണ് മിഴിക്കുമ്പോൾ ട്രെയിൻ എറണാകുളം സ്റ്റേഷനിൽ എത്തിയിരുന്നു. സീറ്റിനടിയിൽ നിന്ന് ലഗേജ് വലിച്ചെടുത്തു പുറത്തേക്ക് ചാടിയിറങ്ങി. മൊബൈൽ നോക്കുമ്പോൾ അമ്മയുടെ അഞ്ച് മിസ്കാൾ. ട്രെയിനിൽ കേറീട്ട് വിളിക്കാം എന്ന് പറഞ്ഞിരുന്നതാണ്. അമ്മയെ വിളിക്കാനായി ലഗേജ് താക്കുമ്പോഴാണ് എന്തോ ഒരു അപാകത മണത്തത്. ബാഗ് മാറിയിരിക്കുന്നു.

ഉറക്കച്ചടവിൽ ഒന്നുടെ പിന്നോട്ട് ചിന്തിച്ചു. ആ അമ്മയും മകളും ഇറങ്ങുമ്പോൾ ഉണ്ടായിരുന്ന ബാഗ്...!



തന്റെ കയ്യിലുള്ള ബാഗ് അഞ്ജലി ഒന്ന് തുറന്നു നോക്കി. കുറെ തുരുമ്പെടുത്ത പാട്ടകളും അത് പൊതിഞ്ഞ കീറത്തുണികളും.

ഞെട്ടലോടെ അവൾ അമ്മയെ ഫോൺ വിളിച്ചു.

'ട്രെയിൻ കേറീട്ടു വിളിക്കാമെന്നല്ലെടി പറഞ്ഞെ... കുറുമ്പു കൂടുന്നുണ്ട്!'

'അമ്മാ.... ബാഗ് മോഷണം പോയി അമ്മാ ...'

'ഏഹ് .. എന്താ??' അമ്മക്ക് ഞെട്ടൽ.

'എന്റെ ബാഗ് ആരോ എടുത്ത് പകരം കുറെ പാട്ട നിറച്ച ബാഗ് വെച്ചിരിക്കുന്നു.!'

'ഓഹോ.... ആ അമ്മിണിയമ്മയെ പറ്റിച്ച പോലെ ഇനി എന്നെയും! അച്ഛൻ എന്നോട് പറഞ്ഞു... നിന്റെയൊരു ഏപ്രിൽ ഫൂൾ !' 'അമ്മ ഫോൺ കട്ട് ചെയ്തു.

അഞ്ജലിയുടെ കണ്ണിൽ ഇരുട്ട് കയറി!

## മഴനിറം

സുധിൻ

നിറം മാറിയാകാശം

നിറഞ്ഞാടിയെൻ മനം

കാർവർണനരികിൽ വരും

കാളിന്ദിയായ് മനം.

ഒരു തുള്ളി വീണതിൽ

ഒരു നൂറു വർണങ്ങൾ

നൂൽപോലെ പെയ്തതിൽ

നൂറാണ് ചിരിനിറം.



നിറങ്ങളോരോന്നകലുമ്പോൾ

നില തെറ്റി വീഴുന്നു,

കാർവർണനകലുമ്പോൾ

രാധയെപ്പോലെൻ മനം.

# അമ്മയെന്ന ലോകം...

കന്നി എസ്. നായർ (അദ്ധ്യാപിക)

കണ്ണുകൾ അടയ്ക്കുക, ഇനി അമ്മയെ ഓർക്കുക. അമ്മയുടെ മുഖം മനസ്സിൽ നിറയുമ്പോൾ നിങ്ങളുടെ മിഴികൾ അറിയാതെ നിറയുന്നുവെങ്കിൽ, ചുണ്ടിൽ പുഞ്ചിരി വിരിയുന്നെങ്കിൽ ആ അമ്മയ്ക്കുള്ള ദക്ഷിണ അതാണ്. കണ്ണും കരളും മനസ്സു നിറയ്ക്കാൻ അമ്മയോളം ആർക്കാകും!

ബാല്യത്തിന്റെ ഓർമ്മകൾ മുഴുവൻ അമ്മയാകും. പുഞ്ചിരി കാട്ടി ചിരിച്ചപ്പോൾ മാറോട് ചേർത്തത്, പിണക്കം കാട്ടി ഉണ്ണാതെ കിടന്നപ്പോൾ പിന്നെയും പിന്നെയും ആ വിളി കൊതിച്ചത്, മഞ്ഞു മൂടിയ പ്രഭാതങ്ങളിൽ നേരത്തെ ഉണർന്ന് പഠിക്കാൻ ശകാരം പറഞ്ഞ് ഉണർത്തിയത്, കാശിനായ് കൈനീട്ടിയപ്പോൾ അമ്മ സ്വരൂപിച്ചു കൂട്ടിയ നോട്ടുകൾ നീട്ടി ചിരിച്ചത്, കാലിൽ തൊട്ടനുഗ്രഹം തേടിയപ്പോൾ മൂർദ്ധാവിൽ ചുംബിച്ചത്. പനിച്ച് വിറച്ച് കിടന്നപ്പോൾ

വാത്സല്യത്തിന്റെ മധുരം മരുന്നായ് പകർന്നത്....



ഇനി കൗമാരത്തിലേക്കെത്താം, ശരീരവും മനസ്സുമൊക്കെ വളരുമ്പോൾ, പുതിയ മുഖങ്ങൾ മനസ്സിൽ നിറയുമ്പോൾ പലക്കും ചുവരിലെ പൊടി പിടിച്ച ചിത്രമായ് അമ്മ മാറും. അമ്മ പറയുന്നതും ചെയ്യുന്നതുമൊക്കെ കുറ്റമായ് തോന്നും. വളർന്ന് വലുതായി കഴിയുമ്പോഴുംകുട്ടിക്കാലത്തെ നമ്മുടെ കഥകളേറെ പറയാൻ അമ്മയ്ക്കുണ്ടാകും. പേറ്റു നോവിന്റെ, പനിച്ച് ആശുപത്രിയിലേക്ക് ഓടിയതിന്റെ, കുഞ്ഞുന്നാളിൽ ഭക്ഷണം കഴിപ്പിച്ചതിന്റെ, വാവിട്ട് കരഞ്ഞ രാത്രികളിൽ ഉറക്കാൻ പാടുപ്പെട്ടതിന്റെ...അവസാനിക്കാത്ത ആ കഥകളൊക്കെ മുഖം ചുളുപ്പിക്കുന്നുണ്ടോ..? എത്ര വലുതായാലും നമ്മൾ അമ്മയുടെ കുഞ്ഞായതു കൊണ്ടല്ലേ അത്. പേറ്റു നോവിന്റെ വേദന മധുരമായ് കണ്ട അമ്മയ്ക്കിതൊക്കെ മറക്കാനാകുമോ..

അമ്മയെ ഏറ്റവും പ്രീയപ്പെട്ടവളായ് ഒന്ന് കണ്ടു നോക്കൂ..കൂട്ടുകാരിയായ്, കാമുകിയായ്, അനിയത്തിയായൊക്കെ...

അടക്കാനാവാത്ത പ്രണയത്തേക്കാൾ വലിയ വികാരമായ് അത് മാറും. നിങ്ങളുടെ രണ്ടാം ബാല്യവും അമ്മയുടെ വലിയ ആനന്ദവുമായ് അത് പരിണമിക്കും. കുഞ്ഞുന്നാളിൽ മാമൂട്ടിയപ്പോലെ അമ്മ ചോറ് വാരിത്തരും, 'കുഞ്ഞേ' എന്ന് വിളിക്കും, ഏത് പ്രതിസന്ധിയിലും അമ്മയുടെ പ്രാത്ഥന കൂടെയുണ്ടല്ലോ എന്നത് ശക്തി പകരും, വേദനയുടെ തോരാമഴയിൽ അമ്മ സ്നേഹത്തിന്റെ കുട നിവർത്തും...



അമ്മ നിനയ്ക്കാത്ത നേരത്ത് സ്നേഹത്തിന്റെ ഒരു ചുംബനം, അമ്മേ എന്ന ഹൃദയം നിറഞ്ഞ ഒരു വിളി, ചേർന്നു നിൽക്കുമ്പോൾ ആ കണ്ണിൽ നോക്കി ഒരു ചിരി, ആ ഗന്ധം നുകന്ന് ആ മാറിൽ ചേന്നൊരു മൊഴി, ഒരു കുഞ്ഞു പനി അമ്മയെ കുത്തി നോവിക്കുമ്പോൾ ഒരു കൈത്താങ്ങ്...അമ്മയ്ക്കൊപ്പം ഞാൻ ഉണ്ടെന്ന ആ മനസ്സിൽ പകരുന്ന ധൈര്യം...അതാകും പിന്നീട് അമ്മയെ നയിക്കുന്നത്.

അമ്മ നൽകുന്ന സ്നേഹത്തിനും വാത്സല്യത്തിനുമുള്ള കണക്ക് പുസ്തകത്തിൽ കടക്കാരായി തീരാനെ നമുക്ക് കഴിയൂ. ഒരിക്കൽ നിന്റെ കാലിടറിയപ്പോൾ താങ്ങായി നിന്ന അമ്മ, നിന്റെ ആവശ്യങ്ങളും ഇഷ്ട്ടങ്ങളുമൊക്കെ അറിഞ്ഞ് വിളമ്പിയ അമ്മ.. അമ്മ നൽകിയ സ്നേഹമല്ലാതെ പകരം തരാൻ മറ്റൊന്നുമില്ല.

## കാർട്ടൂൺ



# ഭൂമിയുടെ സ്വപ്നങ്ങൾ

വൃന്ദ

സ്വപ്നങ്ങൾക്ക്

ചിറക് മുളക്കുമെന്നു

ഉണ്ണിക്കുട്ടൻ

ഇന്നലെ ഒരു കഥയിൽ

വായിച്ചതേയുള്ളൂ

അതാ...

മണ്ണ് തുളച്ചു

പറന്നുയരുന്നു

ഭൂമിയുടെ സ്വപ്നങ്ങൾ

ചിറകറ്റു പിടയുന്ന

സ്വപ്നങ്ങളെ

ചോണനുറുമ്പുകൾ

വലിച്ചിഴച്ചു കൊണ്ട് പോകുന്നു.

ചാവാനായിട്ട് ജനിക്കുന്നു

പുതുമഴ പെയ്താൽ മതി

പാവങ്ങൾ, മഴപ്പാറ്റകൾ!



# TRICKY MATHS

# FUN WITH NUMBERS

1x8+1=9

11x8+11=99

111x8+111=999

1111x8+1111=9999

11111x8+11111=99999

111111x8+111111=999999

1111111x8+1111111=9999999

11111111x8+11111111=99999999

# NAUGHTY ONE

**0X9+1=1**

**1X9+2=11**

**12X9+3=111**

**123X9+4=1111**

**1234X9+5=11111**

**12345X9+6=111111**

**123456X9+7=1111111**

**1234567X9+8=11111111**

**12345678X9+9=111111111**

**123456789X9+10=1111111111**

# WONDERFUL PRODUCTS

**21X36=12X63=756**

**31X39=13X93=1209**

**41X28=14X82=1148**

**32X46=23X64=2016**

**62X39=26X93=2418**

# CLICK TIME...





ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ അമ്മമാർക്ക് വേണ്ടി
നടത്തിയ 'സ്മാർട്ടമ്മ' സെമിനാറിൽ നിന്ന്.





പ്രതിഭകളെ ആദരിക്കൽ: നരിയാപുരം സെന്റ് പോൾസ് വിദ്യാർഥികൾ പ്രതിഭകളുടെ വീട് സന്ദർശിച്ച് ആദരിച്ചപ്പോൾ. കാർട്ടൂണിസ്റ്റ് ജിതേഷ്ജിക്കൊപ്പം (മുകളിൽ), കായികതാരം മാത്യുസിനൊപ്പം (താഴെ)





സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അഷ്ടപദിക്ക് എ ഗ്രേഡ് നേടിയ എസ്. കാർത്തിക. ലിറ്റിൽ കൈറ്റ്സ് അംഗമാണ്.



ലിറ്റിൽ കൈറ്റ്സ് ക്യാമ്പിൽ നിന്ന്

# ഓവറോൾ കിരീടം നേടി

പത്തനംതിട്ട: പന്തളം സബ്ജില്ലാ ഹൈസ്കൂൾ വിഭാഗം ഐ.ടി മേളയിൽ നരിയാപുരം സെന്റ് പോൾസ് എച്ച് എസ് ഓവറോൾ കിരീടം നേടി. ആനിമേഷൻ, പ്രസന്റേഷൻ എന്നിവയിൽ കുട്ടികൾ എ ഗ്രേഡും കരസ്ഥമാക്കി. സ്ക്രാച്ച് സ്ഫോറ്റ് വെയർ, വെബ് പേജ് ഡിസെനിംഗ്, ഐടി ക്വിസ്, ഡിജിറ്റൽ പെയിന്റിംഗ് എന്നി ഇനങ്ങളിലാണ് വിദ്യാർത്ഥികൾ മത്സരിച്ചത്.



പന്തളം സബ്ജില്ലാ ഹൈസ്കൂൾ വിഭാഗം ഐ.ടി മേളയിൽ ഓവറോൾ കിരീടം നേടിയ നരിയാപുരം സെന്റ് പോൾസ് എച്ച് എസ്

**പന്തളം സബ്ജില്ലാ ഹൈസ്കൂൾ വിഭാഗം ഐ.ടി. മേളയിൽ ഓവർ ഓൾ കിരീടം നേടിയ നരിയാപുരം സെന്റ് പോൾസ് ടീം.**




**ലഹരി പദാർത്ഥങ്ങൾക്കെതിരെ ഗാന്ധിജയന്തിയോടനുബന്ധിച്ച് നടത്തിയ ഉപവാസക്കൂട്ടായ്മ**



എസ്. എസ്. എൽ. സി. (2018-19) പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ അഭിനന്ദിക്കുന്നു.




ദേശീയ കുഷ്ഠരോഗ നിവാരണയജ്ഞത്തിന്റെ ഭാഗമായി നടന്ന ബോധവത്കരണ ക്ലാസ്.

# ശുഭം